പതിമൂന്നാം കേരള നിയമസഭ

പതിന്നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 567 — 27/07/2015 ൽ മറുപടിയ്ക്ക്

## ഇ-രേഖാ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. എ.റ്റി. ജോർജ് | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ സർവ്വേ വകുപ്പിൽ ഇ-രേഖാ പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത്; | (ബി) സംസ്ഥാന സർക്കാർ സംരംഭമായ സിഡ്കോയുടെ സഹകരണത്തോടെ കേരളാ ലാന്റ് ഇൻഫർമേഷൻ മിഷൻ പദ്ധതി നടപ്പാക്കി വരുന്നു. |
| (സി) ഇത് നടപ്പിൽ വരുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി) കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ 9-ാമത് എംപവേർഡ് കമ്മിറ്റിയിൽ സർവെ വകുപ്പിലെ പുരാതന റിക്കാർഡുകൾ ഭൗതികമായി സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനും, അവ ഓൺലൈൻ ആയി പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി ഇ-രേഖ പദ്ധതിയ്ക്ക് അംഗീകാരം നൽകുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി. യിൽ ഉൾപ്പെടുത്തി ടി പദ്ധതി നടപ്പാക്കാനായി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ